"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2018 പ്രളയക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് വിളമന വില്ലേജിലെ പായം ഗ്രാമപഞ്ചായത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട പുറമ്പോക്ക് നിവാസികളുടെ പുനരധിവാസത്തിനായി വീട് നിർമ്മാണത്തിനായി ഭൂമി ഒരുക്കിയ ഇനത്തിലുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(കൈ) നം.18/2025/RD തീയതി, തിരുവനന്തപുരം, 24-01-2025

പരാമർശം:-

1. 25.02.2019 തീയതിയിലെ സ.ഉ. (സാധാ) നം. 143/2019/ദു.നി.വ. നമ്പർ ഉത്തരവ്.
2. 07.03.2019 തീയതിയിലെ സ.ഉ. (കൈ) നം. 7/2019/ദു.നി.വ. നമ്പർ ഉത്തരവ്.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 04.10.2023 തീയതിയിലെ DCKNR/10649/2018-DM2 നമ്പർ കത്ത്.

**ഉത്തരവ്**

2018 പ്രളയക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട പായം ഗ്രാമപഞ്ചായത്തിലെ പുറമ്പോക്കിൽ താമസിക്കുന്ന 15 കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ഒരാൾക്ക് പരമാവധി 6 ലക്ഷം രൂപ എന്ന നിരക്കിൽ വീട് നിർമ്മിക്കുന്നതിനായി ഇരിട്ടി താലൂക്കിൽ വിളമന അംശംദേശത്ത്, കിളിയന്തറയിൽ ശ്രീ തെരുവംപറമ്പത്ത് സുരേഷ് ബാബു എന്നവരുടെ കൈവശത്തിലുള്ളതും പ്രൊ.സ.282/1ൽ പെട്ടതുമായ 0.4047 ഹെക്ടർ സ്ഥലം വിലക്ക വാങ്ങി സെന്റ് ഒന്നിന് 35000/-(മുപ്പത്തയ്യായിരം രൂപ മാത്രം) രൂപ നിരക്കിൽ 0.4047 ഹെക്ടർ സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുമതി നൽകി സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

2. മേൽ 15 കുടുംബങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുന്നതിലേക്ക് താൽപര്യമറിയിച്ചുകൊണ്ട് ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച കത്ത് പ്രകാരം വീടുകൾ നിർമ്മിച്ചു നൽകുന്നതിലേക്കുള്ള സ്ഥലം ഒരുക്കിക്കൊടുക്കുന്നത് സംസ്ഥാന സർക്കാറിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയോ മേൽ നോട്ടത്തിൽ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്നും നിലവിൽ വീടുകളുടെ നിർമാണം സ്പോൺസർ ചെയ്തിട്ടുള്ള ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡ് വീടുകളുടെ നിർമ്മാണം ആരംഭിച്ചതായി തഹസിൽദാർ, ഇരിട്ടി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ 0.4047 ഹെക്ടർ ഭൂമി നിരപ്പാക്കി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള 8,76,600/-(എട്ട് ലക്ഷത്തി എഴുപത്താറായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിലേക്കായി അനുമതി നൽകണമെന്നും സൂചന (3) പ്രകാരം ജില്ലാ കളക്ടർ

ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-ലെ പ്രളയത്തെത്തുടർന്ന് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ഒരു കുടുംബത്തിന് പരമാവധി 6 ലക്ഷം രൂപയിൽ കവിയാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകി സൂചന (2) പ്രകാരം ഉത്തരവായിരുന്നു. നിലവിൽ വീടുകളുടെ നിർമാണം സ്പോൺസർ ചെയ്തിട്ടുള്ള ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡ് വീടുകളുടെ നിർമ്മാണം ആരംഭിച്ച സാഹചര്യത്തിൽ 0.4047 ഹെക്ടർ ഭൂമി നിരപ്പാക്കി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള **8,76,600/- (എട്ട് ലക്ഷത്തി എഴുപത്താറായിരത്തി അറുന്നൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ല കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന തുകയായ **8,76,600/- (എട്ട് ലക്ഷത്തി എഴുപത്താറായിരത്തി അറുന്നൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ദുരന്തനിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 25-01-2025 10:01:47
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (22.01.25 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം. നമ്പർ (2648 പ്രകാരം)
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2025

ഫയൽ നം. ഡി.ആർ.എഫ്.-സി1/191/2024/റവന്യൂ. ഇനം നം: 2648

വിഷയം : റവന്യൂ വകുപ്പ് - 2018 പ്രളയക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് വിളമന വില്ലേജിലെ പായം ഗ്രാമപഞ്ചായത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട പുറമ്പോക്ക് നിവാസികളുടെ പുനരധിവാസത്തിനായി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

SS (DRF)

23/1

DS
Put up
24/1 10.30 am

# GOVERNMENT OF KERALA
## (Sri. PINARAYI VIJAYAN MINISTRY)
## Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | DRF-C1/191/2024/RD |
| 2. | Department | Revenue (DRF -C) Department |
| 3. | Subject | Revenue Department – Sanctioning of amount which is required for house construction from Chief Minister's Distress Relief Fund to District Collector, Kannur for the rehabilitation of those who lost their homes entirely in the Iritty Taluk, Vilavana Village in Payam Grama Panchayath of Kannur District in floods 2018 – reg. |
| 4. | Date of Chief Minister's Order for placing before the Council | 06.12.2024 |
| 5. | i) Does the case involve financial commitments/implications | Yes |
| | ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | No |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7. | Name of Special Secretary who submitted the Draft Note | Smt. Jayashree. T.K. |
| 8. | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9. | Date of approval of the Draft Note for the Council by the Principal Secretary | 13.12.2024. |
| 10. | Name of Chief Secretary who approved the Draft Note | Smt. Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 15.01.2025 |
| 12. | Name of Minister who approved the Draft Note | Sri. K. Rajan |
| 13. | Date of Approval of the Draft Note for the Council by the Minister | 20.01.2025 |
| 14 | Date of Submission of Fair Copies | 21.01.2025 |
| 15. | Date of Decision by the Council of Ministers | |
| 16. | Number and date of the G.O/letter Communicating the decision. | |

# Note for Council of Ministers

This note is intended to sanction an amount of Rs. 8,76,600/- (Eight Lakhs Seventy six thousand Six hundred only) which is required for preparing and leveling 0.4047 hectares of land for house construction from Chief Minister's Distress Relief Fund to District Collector, Kannur for the rehabilitation of those who lost their homes entirely in the Iritty Taluk, Vilavana Village in Payam Grama Panchayath of Kannur District in floods 2018

2. As per G.O.(Rt) No. 143/2019/DMD, dated, 25/02/2019 sanction was accorded to purchase 0.4047 hectares of land, located in Kiliyanthara at Vilamana village under Pro.Sy. number 282/1 and owned by Shri Theruvamparambath Suresh Babu, at the rate of ₹35,000 per cent up to a maximum of ₹6 lakh per family to support 15 families residing on puramboke land in Payam Grama Panchayat, who lost their homes entirely in the floods 2018. Currently, the cost of purchasing the 0.4047 hectares of land is ₹35 lakh.

3. The District Collector, Kannur has requested to sanction ₹8,76,600 (Rupees eight lakh seventy-six thousand six hundred only) from the Chief Minister's Distress Relief Fund for preparing and leveling 0.4047 hectares of land for house construction and informed that Hindustan Unilever Limited, has expressed interest to construct houses for 15 families on condition that the land should be prepared and handed over under the supervision of the State Government or the LSGI. The DC has also informed that the Tahasildar had reported that the Hindustan Unilever Limited has already commenced the construction of the houses.

4. As per GO(MS)No. 7/2019/DMD dated 07/03/2019, sanction was accorded to expend an amount not exceeding ₹6 lakh per family from the Chief Minister's Distress Relief Fund for purchasing land to construct houses in connection with floods 2018. As Hindustan Unilever Limited has already commenced house construction, when the file was circulated to the Hon'ble Chief Minister for orders, on sanctioning the amount required for preparing and leveling the 0.4047 hectares of land for house construction ie, ₹8,76,600/- from the Chief Minister's Distress Relief Fund to District Collector, Kannur, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether an amount of ₹8,76,600 (Rupees eight lakh seventy-six thousand six hundred only) may be sanctioned from Chief Minister's Distress Relief Fund to District Collector, Kannur for preparing and leveling 0.4047 hectares of land for the rehabilitation of those who lost their houses entirely in Iritty Taluk of Vilavana Village in Payam Grama Panchayath of Kannur District in the floods 2018 ?

2648

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി.ആർ.എഫ്.-സി1/191/2024/റവന്യൂ |
| 2 | വകുപ്പ് | : | റവന്യൂ (ഡി.ആർ.എഫ്.-സി )വകുപ്പ്. |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - 2018 പ്രളയക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് വിളമന വില്ലേജിലെ പായം ഗ്രാമപഞ്ചായത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട പുറമ്പോക്ക് നിവാസികളുടെ പുനരധിവാസത്തിനായി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതു - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിയ്ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.12.2024 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (II)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജയശ്രീ. ടി.കെ. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.12.2024 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.01.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21.01.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2018 പ്രളയക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് വിളമന വില്ലേജിലെ പായം ഗ്രാമപഞ്ചായത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട പുറമ്പോക്ക് നിവാസികളുടെ പുനരധിവാസത്തിനായി 0.4047 ഹെക്ടർ ഭൂമി നിരപ്പാക്കി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള **8,76,600/-(എട്ട് ലക്ഷത്തി എഴുപത്താറായിരത്തി അറുന്നൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതു സംബന്ധിച്ചാണീ കുറിപ്പ്.

2. 2018 പ്രളയക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട പായം ഗ്രാമപഞ്ചായത്തിലെ പുറമ്പോക്കിൽ താമസിക്കുന്ന 15 കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ഒരു കുടുംബത്തിന് പരമാവധി 6 ലക്ഷം രൂപ എന്ന നിരക്കിൽ വീട് നിർമ്മിക്കുന്നതിനായി ഇരിട്ടി താലൂക്കിൽ വിളമന വില്ലേജിലെ കിളിയന്തറയിൽ ശ്രീ. തെരുവംപറമ്പത്ത് സുരേഷ് ബാബു എന്നവരുടെ കൈവശത്തിലുള്ളതും പ്രൊ.സ.282/1ൽ പെട്ടതുമായ 0.4047 ഹെക്ടർ സ്ഥലം വിലക്കു വാങ്ങി സെന്റ് ഒന്നിന് 35000/-(മുപ്പത്തയ്യായിരം രൂപ മാത്രം) രൂപ നിരക്കിൽ 0.4047 ഹെക്ടർ സ്ഥലം വാങ്ങുന്നതിന് സ.ഉ(സാധാ)നം.143/2019/DMD തീയതി, 25/02/2019 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ ഒരേക്കർ സ്ഥലം വാങ്ങുന്നതിന് 35 ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്.

3. മേൽ 15 കുടുംബങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുന്നതിലേക്ക് താൽപര്യമറിയിച്ചുകൊണ്ട് ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച കത്ത് പ്രകാരം വീടുകൾ നിർമ്മിച്ചു നൽകുന്നതിലേക്കുള്ള സ്ഥലം ഒരുക്കിക്കൊടുക്കുന്നത് സംസ്ഥാന സർക്കാരിന്റേയോ തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന്റേയോ മേൽ നോട്ടത്തിൽ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്നും. നിലവിൽ വീടുകളുടെ നിർമാണം സ്പോൺസർ ചെയ്തിട്ടുള്ള ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡ് വീടുകളുടെ നിർമ്മാണം ആരംഭിച്ചതായി തഹസിൽദാർ, ഇരിട്ടി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ 0.4047 ഹെക്ടർ ഭൂമി നിരപ്പാക്കി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള **8,76,600/-(എട്ട് ലക്ഷത്തി എഴുപത്താറായിരത്തി അറുന്നൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിലേക്കായി അനുമതി നൽകണമെന്നും ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

4. 2018 ലെ പ്രളയത്തെത്തുടർന്ന് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ഒരു കുടുംബത്തിന് പരമാവധി 6 ലക്ഷം രൂപയിൽ കവിയാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകി സ.ഉ. (കൈ) നം. 7/2019/DMD തീയതി, 07/03/2019 പ്രകാരം ഉത്തരവായിരുന്നു. നിലവിൽ വീടുകളുടെ നിർമാണം സ്പോൺസർ ചെയ്തിട്ടുള്ള ഹിന്ദുസ്ഥാൻ യൂനിലിവർ ലിമിറ്റഡ് വീടുകളുടെ നിർമ്മാണം ആരംഭിച്ച സാഹചര്യത്തിൽ 0.4047 ഹെക്ടർ ഭൂമി നിരപ്പാക്കി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള **8,76,600/-(എട്ട് ലക്ഷത്തി എഴുപത്താറായിരത്തി അറുന്നൂറ് രൂപ മാത്രം**) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ല കളക്ടർക്ക് അനുവദിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട കാര്യം</u>**

2018 പ്രളയക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് വിളമന വില്ലേജിലെ പായം ഗ്രാമപഞ്ചായത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ട പുറമ്പോക്ക്

നിവാസികളുടെ പുനരധിവാസത്തിനായി 0.4047 ഹെക്ടർ ഭൂമി നിരപ്പാക്കി വീട് നിർമ്മാണത്തിനായി ഒരുക്കിയ ഇനത്തിലുള്ള **8,76,600/- (എട്ട് ലക്ഷത്തി എഴുപത്താറായിരത്തി അറുന്നൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാമോ?